എഴുത്താശാൻമാരുടെ നിവേദനം

*366[425] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുത്താശാൻമാരുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവരുടെ ആവശ്യങ്ങളിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.

(ബി) നിവേദനത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പ്രിമീയർ കേബിൾസ് കമ്പനിയിലെ തൊഴിൽത്തർക്കം

1280. [1746] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിമിയർ കേബിൾസ് കമ്പനിയിലെ തൊഴിൽ തർക്കം അവസാനിപ്പിച്ചപ്പോൾ കാരണമില്ലാതെ ലേ ഓഫ് ചെയ്ത കാലഘട്ടത്തിലെ ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കമ്പനിയിലെ ഏതെങ്കിലും തൊഴിൽ തർക്കങ്ങൾ അഡ്ജുഡിക്കേഷന് വിട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കാര്യങ്ങളാണ് അഡ്ജുഡിക്കേഷന് വിട്ടിട്ടുള്ളത് ;

(ഇ) ഇതിനെപ്പറ്റി എന്താണ് തീരുമാനം എടുത്തത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രിമിയർ കേബിൾസ് കമ്പനിയിൽ കാരണമില്ലാതെ ലേ ഓഫ് ഉണ്ടായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) നാലു തൊഴിൽ തർക്കങ്ങൾ അഡ്ജുഡിക്കേഷന് വിട്ടിട്ടുണ്ട്.

(ഡി) 1. കരുകുറ്റിയിലെ പ്രിമിയർ കേബിൾസ് കമ്പനിയിലെ കാൻറീൻ സൗകര്യങ്ങൾ കുറവു ചെയ്തതു സംബന്ധിച്ച് ജി. ഒ. ആർ. ടി. നമ്പർ 850/85 തൊഴിൽ പ്രകാരം 30-5-1985-ൽ അഡ്ജുഡിക്കേഷനു വിട്ടുകൊണ്ട് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly